ഉത്തരം

(എ) 'സ്നേഹിത' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. സഹായം അഭ്യർത്ഥിച്ചു വരുന്ന സ്ത്രീകൾക്ക് വേണ്ട പിന്തുണയും നിർദ്ദേശവും നൽകി അനുയോജ്യമായ സേവനദാതാക്കളുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക.

2. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തിര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള സഹായസംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക.

3. മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ)

4. ഉപജീവനം-അതിജീവനം-സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവ്വീസ് സെന്ററായി പ്രവർത്തിക്കുക.

(ബി) തിരുവനന്തപുരം, എറണാകുളം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, ജില്ലകളിലും തുടർന്ന് മറ്റ് ജില്ലകളിലും സ്നേഹിത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സാമ്പത്തിക വർഷം ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലും, തുടർന്ന് മറ്റ് ജില്ലകളിലും സ്നേഹിത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ജനക്ഷേമപദ്ധതികൾ**

**328 (1650)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആവിഷ്ക്കരിച്ചിട്ടുള്ള ജനക്ഷേമ പദ്ധതികൾ, മാനദണ്ഡങ്ങൾ, അപേക്ഷ സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

സാമൂഹ്യനീതി വകുപ്പു വഴി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly